**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6335** **10-11-2021 - ൽ മറുപടിയ്ക്ക്**

**ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ജി സ്റ്റീഫൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ അന്താരാഷ്ട്ര, ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (എ) | കേരളത്തെ അന്താരാഷ്ട്ര, ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുവാൻ വിവിധ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിദേശ- ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പ്രചാരണ പദ്ധതികൾ സംഘടിപ്പിച്ചു വരുന്നു. കോവിഡ് മഹാമാരിയെതുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാരമേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി. ചെയ്ഞ്ച് ഓഫ് എയർ എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളുടെയും, പ്രിൻറ് മീഡിയകളിലൂടെയും, സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ 1 പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ 2 പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. 3 പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി 4 പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ 5 പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി ' കേരളം കാണാം ' എന്ന ക്യാമ്പയിൻ സമൂഹ്യ മാധ്യമങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ വകുപ്പ് വിവിധങ്ങളായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരാറുണ്ട്. കോവിഡ് മൂലം പ്രതിസന്ധിയിലായ വിദേശ ആഭ്യന്തര സഞ്ചാരികളുടെ വരവ് പ്രോത്സാഹിപ്പിക്കാൻ ഇനിയും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഓഫ് സീസൺ/ഡ്രീം സീസൺ ക്യാമ്പുകളെ പരമാവധി പ്രയോജനപ്പെടുത്തി മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇപ്പോൾ നടന്നുവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും മൺസൂൺ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നരീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. നൂതനവും കാലികവുമായ പ്രചാരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. കോവിഡിന് ശേഷം സംസ്ഥാനം സഞ്ചാരികൾക്ക് സുരക്ഷിതമാണ് എന്ന നിലയിലുള്ള പ്രചാരണപരിപാടികളും സംഘടിപ്പിച്ചുവരുന്നു. കാരവൻ ടൂറിസം നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. മൊബൈൽ ആപ്പ് സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ നൽകാമോ; | | മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചു നടപ്പിലാക്കുന്ന ഒരു ടൂറിസം പദ്ധതിയാണ് ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കും. ജൈവവൈവിധ്യവും പ്രകൃതിസൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാകും പദ്ധതി നടപ്പാക്കുക. കണ്ടൽകാടുകളിലൂടെയുള്ള ജലയാത്ര, മലകയറ്റം, തെന്മല-അച്ചൻകോവിൽ വനമേഖലയിലൂടെയുള്ള സഞ്ചാരം എന്നിവയെല്ലാം ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞു. അഞ്ച് സ്ഥാപനങ്ങളിൽ നിന്നുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന നടന്നു വരുന്നു. |
| (സി) | ടൂറിസം മേഖലയിൽ കൂടുതൽ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ടൂറിസം വകുപ്പിന് 2021-22 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിലായി 320.14 കോടി രൂപയുടെ പദ്ധതി വിഹിതമാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിലായി 383 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ കമ്മറ്റി മുമ്പാകെ ധനാഭ്യർത്ഥന XLII പ്രകാരം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ